# ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി
# കൊല്ലം

EO/1/42/Contract Vehicle-1/SOU/2022 Date: 17-02-2025

## താൽപര്യപത്രം

കൊല്ലം കേന്ദ്രമായി പ്രവർത്തിക്കുന്ന, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി രജിസ്ട്രാറുടെ ഔദ്യോഗിക ആവശ്യത്തിലേക്കായി മൂന്ന് വർഷത്തിൽ കൂടുതൽ പഴക്കമില്ലാത്ത ഒരു ഇന്നോവ കാർ കരാർ അടിസ്ഥാനത്തിൽ എടുക്കുന്നതിന് , ഇന്നോവ കാറിന്റെ ഉടമകളിൽ നിന്നും മാസം 2000 കിലോമീറ്റർ നിരക്ക് കണക്കാക്കി ഡ്രൈവറും ഇന്ധനവും ഉപയോഗിച്ച് സർവീസ് നടത്തുവാൻ താൽപര്യമുള്ളവരിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നു.

താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി പ്രവർത്തിക്കാൻ താൽപര്യമുള്ള വാഹന ഉടമകൾ ഈ മാസം 24 ആം തീയതി വൈകിട്ട് 5 മണിക്ക് മുൻപായി ഓഫീസിൽ നേരിട്ടോ, രജിസ്ട്രാർ, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി, കരീപ്പുഴ, കൊല്ലം എന്ന വിലാസത്തിലോ തപാൽ വഴിയോ അപേക്ഷകൾ നൽകേണ്ടതാണ്.

താൽപര്യപത്രം തുറക്കുന്നത് 25.02.2025 പകൽ 11 മണിക്ക്.

## നിബന്ധനകൾ

1. വാഹനത്തിന്റെ കരാർ കാലാവധി പരമാവധി ഒരു വർഷം ആയിരിക്കും.
2. വാഹനം മൂന്ന് വർഷത്തിൽ കൂടുതൽ പഴക്കമില്ലാത്തതായിരിക്കണം.
3. വാഹനത്തിന്റെ രജിസ്ട്രേഷൻ ഇൻഷുറൻസ്, വാഹനപുക സാക്ഷ്യപത്രം രേഖകൾ പകർപ്പ് സഹിതം സമർപ്പിക്കേണ്ടതാണ്.
4. വാഹനത്തിന്റെ ഡ്രൈവർമാർ ക്രിമിനൽ കേസുകളിൽ പെട്ടിട്ടില്ലാത്തവർ ആയിരിക്കണം.
5. താൽപര്യപത്രം തരുന്ന വാഹനത്തിന്റെ ഡ്രൈവറുടെ സ്വഭാവ സർട്ടിഫിക്കറ്റ് (ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത് ), പരിചയ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.
6. താൽപര്യപത്രം അംഗീകരിക്കുന്ന വാഹന ഉടമകൾ യൂണിവേഴ്സിറ്റി ആവശ്യപ്പെടുന്ന തീയതികളിൽ വാഹനത്തിന്റെ കാര്യക്ഷമത പരിശോധിക്കുവാൻ വാഹനം ഹാജരാക്കേണ്ടതാണ്.
7. ഏത് താൽപര്യപത്രവും ഒരു കാരണവും കാണിക്കാതെ നിരാകരിക്കുന്നതിനുള്ള അധികാരം യൂണിവേഴ്സിറ്റിക്ക് ഉണ്ടായിരിക്കുന്നതാണ്.

താൽപര്യപത്രം സമർപ്പിക്കുന്നവർ കത്തിന്റെ പുറത്ത് **'കോൺട്രാക്ട് വാഹനത്തിന്റെ താൽപര്യപത്രം'** എന്ന് എഴുതിയിരിക്കേണ്ടതാണ്.

Smitha A.P.

**രജിസ്ട്രാർ**

പകർപ്പ്:

1. വൈസ് ചാൻസിലർ/പ്രൊ. വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി. എ. മാർ
3. നോട്ടീസ് ബോർഡ്